# ആമുഖം

2025-26 അധ്യയന വർഷത്തെ എസ്.എം. എച്ച് എസ് അയിലൂരിന്റെ അക്കാദമിക രംഗം, ഈ വർഷത്തേക്കുള്ള പൂർണ്ണമായ തയ്യാറെടുപ്പിന്റെ ഉൽപ്പന്ന മാണ്, അക്കാദമിക് മാസ്റ്റർ പ്ലാൻ. ഈ വിദ്യാലയത്തിന്റെ വിദ്യാഭ്യാസ നിലവാരവും സമഗ്രമായ വികസനത്തിന്റെ തെളിവ് കൂടിയാണ് ഈ മാസ്റ്റർപ്ലാൻ. വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരുടെയും കൂട്ടായ പരിശ്രമത്തിലൂടെ വളരെ ചിട്ടയോടെ തയ്യാറാക്കിയതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ.

ഒരു അധ്യയന വർഷത്തേക്കുള്ള വിദ്യാലയ പ്രവർത്തനങ്ങളുടെ ഒരു മാർഗ്ഗരേഖയായി പ്രവർത്തിക്കുകയും എല്ലാവരും ഒത്തുചേർന്ന് പൊതുലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. 2025-26 അധ്യയന വർഷത്തെ അക്കാദമിക് പ്ലാൻ വിദ്യാർത്ഥികളുടെ പാഠ്യ-പാഠ്യേതര അനുഭവങ്ങൾ മെച്ചപ്പെടുത്തുന്നതിനും അധ്യാപകരെ പിന്തുണക്കുന്നതിനും മുഴുവൻ വിദ്യാർത്ഥികളെയും പഠനപ്രക്രിയയിൽ ഉൾപ്പെടുത്തുന്നതിനായും ആണ് രൂപകല്പന ചെയ്തിരിക്കുന്നത്.

മാസ്റ്റർ പ്ലാനിന്റെ പ്രസക്തിയും വ്യാപ്തിയും ഉറപ്പാക്കുന്നതിന് മുഴുവൻ അധ്യാപകരെയും ഉൾപ്പെടുത്തി മെയ് മാസത്തിൽ യോഗം ചേരുകയും അക്കാദമിക മാസ്റ്റർ പ്ലാൻ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. വ്യക്തമായ ആസൂത്രണം കൊണ്ട് മാത്രമേ പാഠ്യ-പാഠ്യേതര

പ്രവർത്തനങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്താൻ സാധിക്കൂ. എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്യാം എന്നതിനുള്ള കൂട്ടായ ചർച്ച സംഘടിപ്പിക്കുകയും ഉൾപ്പെടുത്തുന്ന പ്രവർത്തനങ്ങൾ സമഗ്രവും മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങളോടും സാഹചര്യങ്ങളോടും പൊരുത്തപ്പെടാൻ പര്യാപ്തവുമാണെന്ന് ഉറപ്പുവരുത്തി.

ഓരോ സബ്ജക്ട് കൗൺസിലിന്റെയും ക്ലബ്ബുകളുടെയും പ്രവർത്തനങ്ങൾ എഴുതി തയ്യാറാക്കുമ്പോൾ ഏകീകൃതരൂപം ഉണ്ടാവുന്നതിനായി പ്ലാൻ തയ്യാറാക്കുന്നതിന്റെ ഘടനയെക്കുറിച്ച് കൃത്യമായ ധാരണ നൽകി. കുട്ടികൾക്കായി നടത്തുന്ന ഓരോ പ്രവർത്തനങ്ങൾക്കും പരിപാടികൾക്കും അവസാനം ഇത് കൊണ്ട് കുട്ടികൾക്ക് എന്ത് പഠനനേട്ടം, ശേഷി, നൈപുണി(നൈപുണ്യം) കൈവരിക്കാൻ സാധിക്കുന്നു എന്നത് മുൻകൂട്ടി മനസ്സിലാക്കിയ ശേഷം മാത്രം ഉചിതമായ പരിപാടികൾ ആസൂത്രണം ചെയ്യാൻ തീരുമാനിച്ചു.

ആസൂത്രണം ചെയ്ത പരിപാടികളും പ്രവർത്തനങ്ങളും ഫലപ്രദമായ കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനായി പ്രസ്തുത പ്രവർത്തനങ്ങളുടെ വിശദമായ പ്രക്രിയ എഴുതി തയ്യാറാക്കി പ്ലാനിൽ ഉൾപ്പെടുത്തി. ഓരോ പ്രവർത്തനങ്ങൾക്കും വരുന്ന ഏകദേശ സാമ്പത്തിക ചെലവ് പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഓരോ പ്രവർത്തനങ്ങളും പൂർത്തീകരിക്കാൻ എടുക്കുന്ന സമയം രേഖപ്പെടുത്തുന്നുണ്ട്. ആസൂത്രണം ചെയ്ത ഓരോ പരിപാടികൾക്കും നേതൃത്വം നൽകാനുള്ള അധ്യാപകരെയും തെരഞ്ഞെടുത്തിട്ടുണ്ട്.

വിശദമായ മാസ്റ്റർ പ്ലാനിന് പുറമെ, ഓരോ മാസത്തെയും പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ മനസ്സിലാക്കാൻ സാധിക്കുന്ന തരത്തിലുള്ള ഒരു അക്കാദമിക് മാസ്റ്റർപ്ലാൻ കലണ്ടറും തയ്യാറാക്കിയിട്ടുണ്ട്. വ്യക്തമായ ലക്ഷ്യങ്ങളും ചിട്ടയായ നടപ്പാക്കലും മികവിനോടുള്ള പ്രതിബദ്ധതയും കൂടിച്ചേരുമ്പോൾ എസ്. എം. എച്ച്. എസ്. എസ്. അയിലൂർ അക്കാദമിക നേട്ടത്തിലും സമഗ്ര വികസനത്തിലും പുതിയ ഉയരങ്ങൾ കൈവരിക്കാൻ തയ്യാറാവുകയാണ്. മികച്ച അക്കാദമിക നേതൃത്വം നൽകുന്ന പ്രധാനാധ്യാപികയും, ടീം സ്പിരിറ്റോടെ പ്രവർത്തിക്കുന്ന അധ്യാപക-അനധ്യാപകരും, പരിപൂർണ്ണ പിന്തുണ നൽകുന്ന സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുമാണ് മുന്നോട്ടുള്ള പ്രയാണത്തിൽ ഈ വിദ്യാലയത്തിന്റെ കരുത്ത്.

ഒറ്റക്കെട്ടായി നിന്ന് ഞങ്ങൾ വിദ്യാർത്ഥികളുടെയും അവരുടെ കുടുംബങ്ങളുടെയും വിദ്യാഭ്യാസ പ്രതീക്ഷകൾ നിറവേറ്റുക മാത്രമല്ല, അതിനപ്പുറത്തേക്ക് തികച്ചും മാതൃകാപരമായ ഒരു ഉത്തമ സമൂഹത്തെ വാർത്തെടുക്കുക കൂടി ചെയ്യാൻ പ്രതിജ്ഞാബദ്ധരാണ്.

## പാഠ്യേതരപ്രവർത്തനങ്ങൾ – നേട്ടങ്ങൾ

മികച്ച അക്കാദമിക നിലവാരം പുലർത്തുന്നതിനോടൊപ്പംതന്നെ എല്ലാ വർഷവും പാഠ്യേതര പ്രവർത്തനങ്ങളിലും തിളക്കമാർന്ന നേട്ടങ്ങൾ കൊയ്യാൻ വിദ്യാലയത്തിന് കഴിയുന്നുണ്ട്. കലാ-കായിക മേഖലകളിൽ സബ് ജില്ലാ, ജില്ലാ, സംസ്ഥാന തലങ്ങളിലും നേട്ടങ്ങൾ കരസ്ഥമാക്കാൻ കഴിഞ്ഞു വരുന്നുണ്ട്.

കലോത്സവം:

൭. ജൈവ വൈവിധ്യ ക്ലബ്ബ് രൂപീകരണവും ഭാരവാഹികളുടെ തിരഞ്ഞെടുപ്പും.

Expected outcome :

വിവിധതരം സസ്യ-ജന്തു ജാലങ്ങളെക്കുറിച്ചുള്ള അറിവ് വിദ്യാർത്ഥികൾക്ക് നൽകൽ.
ജൈവവൈവിധ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കുന്നതിന്.

പ്രായോഗികപഠനം.

→ മഴനടത്തം
→ പാഠശേഖരത്തിലേക്ക് ഒരു യാത്ര
→ പുഴയെ അറിയൽ - ഫീൽഡ് ട്രിപ്പ്

2025 ജൂൺ 18-ാം തിയതി യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിലെ ഓരോ ഡിവിഷനിൽ നിന്നും 5 വിദ്യാർത്ഥികളെ വീതം ക്ലബ്ബ് തിരഞ്ഞെടുക്കുന്നു. ക്ലബ്ബ് അംഗങ്ങളുടെ മീറ്റിംഗ് വിളിക്കുകയും പ്രോഗ്രാം കോ-ഓർഡിനേറ്റർ, സെക്രട്ടറി എന്നിവരെ തിരഞ്ഞെടുക്കുകയും ചെയ്യുന്നു. തുടർന്ന് ഓരോ മാസങ്ങളിലും നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്ത് തീരുമാനമെടുക്കുന്നു.

ലോക സംഗീത ദിനം.

സ്കൂൾ അസംബ്ലിയിൽ ലോകസംഗീതദിനാചരണത്തിന്റെ പ്രധാന്യത്തെക്കുറിച്ച് വിശദീകരിക്കുന്നു.

സംഗീത അധ്യാപകന്റെ നേതൃത്വത്തിൽ സ്കൂളിലെ വിദ്യാർത്ഥികൾ തയ്യാറാക്കുന്ന Music Fusion Programme ഒരുക്കുന്നു. Keyboard, ചെണ്ട, ഇലത്താളം എന്നിവ ചേർന്നുള്ള Music Programme ആണ് തയ്യാറാക്കുന്നത്.

## AURA GROUP

തൃശൂർ ചിറ്റിശ്ശേരിയിൽ പ്രവർത്തിച്ചുവരുന്ന Augustine Ukken Revitilising Agency (AURA) യുടെ സേവനം കഴിഞ്ഞ 13 വർഷമായി അയിലൂർ എസ്. എം. എച്ച്. എസ്. എസിൽ ലഭിച്ചുവരുന്നു. തൃശൂർ ജില്ലയിലും പാലക്കാട് ജില്ലയിലുമായി 16 സ്കൂളിൽ പ്രവർത്തിച്ചുവരുന്ന ഈ സംഘടനയ്ക്ക് നേതൃത്വം നൽകുന്നത് Sr. Jis Teresa ആണ്. ലഹരിക്ക് അടിമപ്പെട്ടവരെയും കുടുംബത്തെയും രക്ഷിക്കുക, മുഖ്യധാരയിൽ നിന്നും വിട്ടുനിൽക്കുന്ന കുട്ടികൾക്ക് നേതൃത്വപാടവം ഉണ്ടാക്കിയെടുക്കുക എന്നതാണ് ഇവരുടെ ലക്ഷ്യം.

മാതാപിതാക്കളുടെ സമ്മതത്തോടെ മൂന്ന് ദിവസത്തെ residential Camp തികച്ചും സൗജന്യമായാണ് നടത്തുന്നത്. എല്ലാ വർഷവും 30 കുട്ടികൾ വീതം ക്യാമ്പിൽ പങ്കെടുത്തു വരുന്നു. വെള്ളിയാഴ്ച ഉച്ചക്ക് ശേഷം കൊണ്ടുപോയി തിങ്കളാഴ്ച രാവിലെ തിരിച്ച് എത്തിക്കുന്നു. ആഴ്ചയിൽ ഒരു ദിവസം അവരുടെ staff എത്തി follow up ക്ലാസ് നൽകുന്നു. High School ക്ലാസുകളിലെ ആൺകുട്ടികളെയാണ് ഗ്രൂപ്പിൽ ഉൾപ്പെടുത്തുന്നത്. ക്ലാസിൽ കൂടുതൽ absent ആകുന്നവർ, behavioural problems, Concentration deficit, Substance abuse എന്നിവയാണ് ഗ്രൂപ്പിൽ ഉൾപ്പെടുത്താനുള്ള മാനദണ്ഡം.

ക്യാമ്പിന്റെ പ്രത്യേകതകൾ:-

- Yoga
- Individual & Group Counselling
- Motivational classes.
- Therapy Sessions
- Cultural activities (arts & sports)
- Practice in day today life activities.
- Theatre Workshop
- Farming during Voccation

ഈ ക്യാമ്പിൽ പങ്കെടുക്കുന്നതിനുശേഷം കുട്ടികളിൽ മാറ്റം ഉണ്ടാകാറുണ്ട്. സ്കൂളിലെ പല പ്രവർത്തനങ്ങൾക്കും മുൻനിരയിൽ പ്രവർത്തിക്കാൻ ഇവരിൽ പലരും സന്നദ്ധരാകുന്നു. 30ൽ 10 പേരെങ്കിലും മാറുന്നത് 10 കുടുംബത്തിന് സന്തോഷം നൽകുന്നു.

# NMMS സ്കോളർഷിപ്പ് പരിശീലനം

ഉന്നത പഠനനിലവാരം പുലർത്തുന്ന 8-10 ക്ലാസ് വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് NMMS സ്കോളർഷിപ്പിനായി തയ്യാറാക്കുന്നു.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും ഉന്നത പഠനനിലവാരം പുലർത്തുന്നതുമായ കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്നു.

മത്സര പരീക്ഷകൾ നേരിടാൻ പ്രാപ്തരാക്കുന്നു.

കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നു.

NMMS മത്സര പരീക്ഷയിൽ പങ്കെടുക്കാൻ താൽപര്യമുള്ള കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസ്സ് നൽകുന്നു.

അധ്യാപകർ Online class നൽകുന്നു.

മാതൃക പരീക്ഷകൾ നടത്തുന്നു.

ഉത്തര പേപ്പറുകൾ വിലയിരുത്തിയതിനുശേഷം പരീക്ഷാതീയതിവരെ പരിശീലനം തുടരുന്നു.

അധ്യാപകരുടെയും കുട്ടികളുടെയും പ്രയത്നഫലമായി 2 കുട്ടികൾ NMMS സ്കോളർഷിപ്പിന് അർഹത നേടി. ഇത് വിദ്യാലയത്തെ സംബന്ധിച്ച് എടുത്ത് പറയേണ്ട മികവ് തന്നെയാണ്.

# USS പരിശീലനം

ഏഴാം ക്ലാസിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് USS പരീക്ഷാപരിശീലനം നൽകുന്നു.

തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ചിട്ടയായ പരിശീലനം നൽകി കൂടുതൽ കുട്ടികൾക്ക് USS Scholarship കരസ്ഥമാക്കാൻ സഹായിക്കുന്നു.

ജൂൺ മാസത്തിൽ തന്നെ 7-ാം ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും സ്കോളർഷിപ്പ് പരീക്ഷയെക്കുറിച്ച് അവബോധം നൽകുന്നു.

തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ് നൽകുന്നു. തുടർന്ന് USS പരിശീലനം നൽകുന്നതിനായി അധ്യാപകർ സിലബസ്സ് പ്രകാരമുള്ള വിഷയം തിരിച്ചുള്ള Module തയ്യാറാക്കുകയും ചെയ്യുന്നു. Multiple choice qustions തയ്യാറാക്കി പരീക്ഷകൾ നൽകുന്നു. USS Mock Test ഉം നടത്തുന്നു.

## ജൈവ വൈവിധ്യ ക്ലബ്ബ് രൂപീകരണവും ഭാരവാഹികളുടെ തിരഞ്ഞെടുപ്പും

**Expected outcome:**

വിവിധതരം സസ്യ- ജന്തു ജാലങ്ങളെ കുറിച്ചുള്ള അറിവ് വിദ്യാർത്ഥികൾക്കു നൽകൽ,
ജൈവ വൈവിധ്യത്തിന്റെ പ്രാധാന്യത്തെ കുറിച്ച് മനസ്സിലാക്കുന്നതിന്.

**പ്രായോഗികപാഠം**

→ മഴനടത്തം
→ പാടശേഖരത്തിലേക്ക് ഒരു യാത്ര
→ പുഴയെ അറിയൽ - ഫീൽഡ്ട്രിപ്പ്

2024 ജൂൺ 18-20 തീയതികളിൽ യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിലെ ഓരോ ഡിവിഷനിൽ നിന്നും 5 വിദ്യാർത്ഥികളെ വീതം ക്ലബ്ബ് തിരഞ്ഞെടുക്കുന്നു. ക്ലബ്ബ് അംഗങ്ങളുടെ മീറ്റിംഗ് വിളിക്കുകയും പ്രോഗ്രാം കോ-ഓർഡിനേറ്റർ, സെക്രട്ടറി എന്നിവരെ തിരഞ്ഞെടുത്തു. തുടർന്ന് ഓരോ മാസങ്ങളിലും നടത്തേണ്ട പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്ത് തീരുമാനമെടുത്തു.

# ACADAMIC MASTER PLAN
## — HINDI

മേഖല : അക്കാദമികം

ഭാഗം : സ്കൂൾതലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല |
|---|---|---|---|---|
| 1 | ലഹരി ഉപയോഗത്തിനെതിരായ അവബോധം സൃഷ്ടിക്കാൻ പോസ്റ്ററുകൾ | ജൂൺ - 3 | UP, HS | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ്ബ്. |
| 2 | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ / ട്രാഫിക് നിയമങ്ങൾ എന്നിവയെക്കുറിച്ച് അവബോധം നടത്തുന്നു. | ജൂൺ - 4 | UP, HS | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ്ബ്. |
| 3 | പരിസ്ഥിതിദിനം | ജൂൺ - 5 | UP, HS | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ്ബ്. |
| 4 | വായനാദിനം, ക്ലബ്ബ് രൂപീകരണം | ജൂൺ 19 | UP, HS | ഹിന്ദി അധ്യാപകർ. |
| 5 | ലഹരിവിരുദ്ധദിനം, ലഹരി ഉപയോഗത്തിനെതിരായ അവബോധം സൃഷ്ടിക്കാൻ കവിത. | ജൂൺ - 26 | UP, HS | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ്ബ്. |

| | | | | |
|---|---|---|---|---|
| 6 | പ്രേംചന്ദ് ദിനം | ജൂലൈ 31 | UP, HS | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ് |
| 7 | കുട്ടികളെ കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | Sep-14 | UP, HS | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ്. |
| 8 | ഗാന്ധി ജയന്തി | Oct-2 | UP, HS | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ് |
| 9 | ശിശുദിനം | Nov-14 | UP, HS | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ് |
| 10 | വിശ്വ ഹിന്ദി ദിനം, പോസ്റ്റർ നിർമ്മാണം, പ്രസംഗം | Jan-10 | UP, HS | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ്. |
| 11 | ഹിന്ദി നാടകോത്സവം<br>- കഥാരചന<br>- കഥാവായന<br>- ഹിന്ദി നാടകങ്ങൾ കാണാനുള്ള അവസരം | 1 year | UP, HS | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ്. |

# ACADEMIC MASTER PLAN - HS SCIENCE

| 1 | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളും ശാസ്ത്രപഠനത്തിലൂടെ മുൻ ക്ലാസുകളിൽ നേടേണ്ട അടിസ്ഥാന ശേഷികൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക | Pre-test ചോദ്യ നിർമ്മാണം, test മൂല്യനിർണ്ണയം പരിഹാരബോധനം, പരിഹാര പഠനപിന്നോക്കാവസ്ഥയിലുള്ളവർക്ക് ഒഴിവുദിന വിനിമയം | June | ശാസ്ത്ര അധ്യാപകർ | SRG |
| 2 | ശാസ്ത്രത്തിന്റെ നൂതന അറിവുകളെ update ചെയ്യലും ശാസ്ത്രീയ മനോഭാവം ഉളവാക്കലും | Science club രൂപീകരണം പ്രവർത്തന പദ്ധതി തയ്യാറാക്കൽ Science bulletin board | June March | Teachers Science Club SRG | PTA |
| 3 | ശാസ്ത്ര ലാബിന്റെ നവീകരണം | വിവിധ ഉപകരണങ്ങൾ, ചാർട്ടുകൾ മോഡലുകൾ, പ്രവർത്തന മാതൃകകൾ എന്നിവ ഇനം തിരിച്ച് ക്രമീകരിക്കൽ ക്ലാസിലേക്ക് എളുപ്പം കൊണ്ടുപോകാവുന്ന Mobile | | Science Teachers | SRG |

| | | | | | |
|---|---|---|---|---|---|
| 4 | അന്യമായിക്കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ പ്രകൃതിയെ അടുത്തറിയാനുള്ള അവസരം | സ്കൂൾ കാമ്പസിൽ പുഷ്പം പച്ചക്കറിത്തോട്ട നിർമ്മാണം | Aug Nov | Science Club Teachers | PTA SMC കൃഷി-ഭവൻ കർഷകർ |
| 5 | ഒരുക്കൽ ശാസ്ത്രലോകത്തേക്ക് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതു വേദിയിൽ അവതരി-പ്പിക്കുന്നു. ക്ലാസുകളിൽ സെമിനാർ പേപ്പ-റുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | അക്കാദ-മിക വർഷം | Science teachers | PTA |
| | കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷി-പ്പിക്കുക | ലഘുപരീക്ഷണ-ങ്ങൾ സഹപാഠി-കൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചുകൊടുക്കു-വാൻ അവസരം നൽകുന്നു | | | |

അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26 Social Science.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. പഠിതാക്കളെ ചരിത്ര ബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. സാമൂഹ്യ ശാസ്ത്രത്തിൽ അടിസ്ഥാന പരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക പഠന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | September | S.S Trs |
| 2. ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റിയെടുക്കുക പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെന്റ് പൗരബോധ സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങൾ | SS Trs |
| 3. സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ, നിരീക്ഷണ വളർത്തുക. | സമുദ്ര ദിനവുമായി ബന്ധപ്പെട്ട് സമുദ്രത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന വീഡിയോ പ്രദർശിപ്പിക്കുന്നു. | June 8. | SS Trs. |
| | സാമൂഹ്യ ശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു ആകാശ കാഴ്ചകൾ കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. | അക്കാദമിക വർഷം | SS Trs. |
| 4. മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളർത്തു | അഭിമുഖം, ചർച്ചകൾ, പ്രോജക്ട്, സർവ്വേ, ക്ലാസുകൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | SS Trs. |
| 5. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. | | | |

| | | | |
|---|---|---|---|
| ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം. | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നു. അറ്റ്ലസ്, ഭൂപടങ്ങൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | യൂണിറ്റ് അടിസ്ഥാനമാക്കി. | S.S Trs. |
| 6. കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം, എന്നിവയെക്കുറിച്ച്, കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം മേളകളും | വർഷം മുഴുവൻ | SS Trs. |
| 7. വ്യത്യസ്ത ഭൂനിരപ്പിനെക്കുറിച്ചും ജലാശയങ്ങളെ കുറിച്ചും കടലുകൾ, സമുദ്രങ്ങൾ, പർവതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്രപ്രാധാന്യമു [illegible], കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | വർഷം മുഴുവൻ | SS Trs. |

# അക്കാദമിക മാസ്റ്റർ പ്ലാൻ. ഉർദു 2025

പദ്ധതിയുടെ പേര്: മീഠി ഉർദു.

ലക്ഷ്യം: ഉർദുഭാഷ, പരിഭാഷണവും ഉർദുവിലൂടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കലും ഉർദുഭാഷ നിത്യജീവിതത്തിൽ ഉപകാരപ്രദമാക്കലും.

പ്രവർത്തനങ്ങൾ.

- ക്ലാസ് റൂമിൽ ഉർദുവിലെ വിവിധ ചാർട്ടുകൾ, ഉർദു ലൈബ്രറി, ഉർദു വായനമൂല എന്നിവ തയ്യാറാക്കുന്നു.
- ക്ലാസ് പ്രവർത്തനങ്ങളിൽ ഉർദുവിലെ ചെറിയ സംഭാഷണങ്ങൾ, ഉർദു കാർട്ടൂൺ, കഥകൾ etc. എന്നിവ കാണിക്കുകയും അതിലെ പുതിയ പദങ്ങളും അർത്ഥവും കുട്ടികൾ മേരാ ഗുൽഷനിൽ എഴുതി വെക്കുന്നു.
- ജീവിതത്തിൽ നാം പതിവായി ഉപയോഗിക്കുന്ന വിവിധ പദങ്ങൾ, വാക്യങ്ങൾ, ക്രിയകൾ എന്നിവ വിദ്യാർത്ഥിക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്നു. നോട്ട് ബുക്കിൽ കുറിക്കുന്നു.
- വിവിധ ദിനാചരണങ്ങളുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് വിവിധ മത്സരം നടത്തുന്നു.
- സ്കൂളിൽ ഉർദു സംസാരിക്കുന്ന കുട്ടികളുമായി ഉർദുവിൽ സംസാരിക്കാൻ കുട്ടികൾക്ക് അവസരം ഒരുക്കുന്നു.

- ഭാഷാ ഗുൽഷനിൽ എഴുതിയ പദങ്ങൾ ചോദ്യങ്ങൾ etc ഉപയോഗിച്ച് ആഴ്ചയിൽ ഒരു ദിവസം ക്ലാസ് തല-ത്തിൽ മത്സരം നടത്തുന്നു.
- ആഴ്ചയിൽ നടക്കുന്ന മത്സരങ്ങളിലെ വിജയിക്ക് മീഠി ഉർദു പെട്ടിയിൽ വിവിധ സമ്മാനങ്ങളുടെ പേര് എഴുതിയ കാർഡ് മുഖേന ലഭിച്ച സമ്മാനം നൽകുന്നു.
- മത്സരങ്ങളിലെ വിജയികളുടെ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു.
- കുട്ടികൾക്ക് നൽകിയ ചോദ്യങ്ങൾ ഉപയോഗിച്ച് വർഷാവസാനത്തിൽ മെഗാ ഫിനാലെ നടത്തി വിജയികൾക്ക് മികച്ച സമ്മാനങ്ങൾ നൽകുന്നു.

കാലയളവ്! ജൂൺ മുതൽ മാർച്ച് വരെ

നിർവ്വഹണ ചുമതല: ഉർദു അധ്യാപകൻ

സാമ്പത്തികവിശകലനം: ഉർദു അധ്യാപകൻ.

English

Events - JUNE

* JUNE - 5 - Environmental Day
  -> chart making
  -> Placards

* JUNE 12 - World Day Against child Labour
  "Horrors of Child Labour"
  Collage

* JUNE 19 - Reading Week

Competitions

* Reading
* Recitation
* Writing
* Story Wall

* JUNE 26 - Anti Drug Day
  -> Awareness in the School Assembly
  -> Flash Mob
  -> Guest class

* JUNE 13 - SMHS VIBES - English Weekly News channel has been released on June 13.

## UP + HS HINDI

June

June 2ന് സ്കൂൾ തുറക്കുന്നതോടനുബന്ധിച്ചുള്ള പ്രവേശനോത്സവം നടത്തി. Jun 5ന് പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് UP തലത്തിൽ poster നിർമ്മാണവും HS തലത്തിൽ placard നിർമ്മാണവും നടത്തി. ഭാഷയിൽ പ്രാവിണ്യം നേടുന്നതിനും കൈയക്ഷരത്തിനുമായി copy writing, പ്രത്യേക ക്ലാസ്സ് എന്നിവ നടത്തിവരുന്നു. ലഹരി ഉപയോഗത്തിനെതിരായ അവബോധം സൃഷ്ടിക്കാൻ posters ഉണ്ടാക്കി. June 19ന് വായനാദിനത്തോടനുബന്ധിച്ച് UP തലത്തിൽ poster നിർമ്മാണവും HS തലത്തിൽ ചാർട്ട് പേപ്പറിലുള്ള profile നിർമ്മാണവും നടത്തി.

# H.S. Science

സ്കൂൾ തുറന്ന ആദ്യവാരത്തിൽ തന്നെ ശാസ്ത്രക്ലബ് രൂപീകരിച്ചു. ശാസ്ത്രക്ലബ്ബിന്റെ നേതൃത്വത്തിൽ പരിസ്ഥിതിദിന പ്രവർത്തനങ്ങൾ സ്കൂൾ അസംബ്ലിയിലെ പ്രതിജ്ഞയോടെ ആരംഭിച്ചു. ഇതിനോടനുബന്ധിച്ച് Quiz മത്സരം, Poster മത്സരം എന്നിവ നടത്തി, വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ശാസ്ത്ര ലാബ് നവീകരണം നടത്തി mobile lab kit തയ്യാറാക്കി വെച്ചു. പ്ലാസ്റ്റിക് നിരോധനത്തിന്റെ ഭാഗമായി കാർഡ്ബോർഡ് ഉപയോഗിച്ച് Waste Basket നിർമ്മിക്കാൻ ആവശ്യപ്പെട്ടു. ശാസ്ത്ര ബുള്ളറ്റിൻ ബോർഡ് നിർമ്മിക്കാൻ ആവശ്യമായ ചിത്രങ്ങൾ ശേഖരിക്കാൻ നിർദേശിച്ചു.

# ACADEMIC MASTER-PLAN.

## SANSKRIT

## അക്കാദമിക് മാസ്റ്റർ പ്ലാൻ.

UP & HS

മേഖല - അക്കാദമികം. ഉപമേഖല - സംസ്കൃതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം. |
|---|---|---|---|---|
| * എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ. | * ടെസ്റ്റ് നടത്തി വിദ്യാർത്ഥികളുടെ പരിമിതികളും കണ്ടെത്തുന്നു.<br>* പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. | | | |
| * ശബ്ദങ്ങളെയും പദങ്ങളെയും ആശയങ്ങളെയും ഉറപ്പിക്കുക. | * പതിപ്പുകൾ, മാഗസിനുകൾ.<br>* രചനാ ശില്പശാലകൾ. | | | |
| * കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പറയുക. | * സംസ്കൃതദിനാചരണം, അസംബ്ലി.<br>* ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ് | | | |
| * ആശയങ്ങൾ ഒന്നുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക. | * വായനമൂല, പദപ്പയറ്റ്, ശ്ലോകപ്പയറ്റ്, നിഘണ്ടു നിർമ്മാണം, മാഗസിൻ നിർമ്മാണം ദിനാചരണങ്ങൾ, പോസ്റ്റർ നിർമ്മാണം, കഥാരചന, ഉപന്യാസരചന, അവതരണം etc. | ജൂൺ മുതൽ മാർച്ച് വരെ. | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc | |
| * എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നുവെന്ന് ഉറപ്പുവരുത്തുക. | | | | |
| * സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ. | * വിവിധ സാഹിത്യശാഖകളെ പരി | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഉപകരണങ്ങൾ | സാമ്പത്തികം. |
|---|---|---|---|---|
| * ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തൽ.<br><br>* ഭാഷാലാബ്. | ഉപയോഗപ്പെടുത്തൽ, കഥ, കവിത, സംഭാഷണങ്ങൾ, ജീവചരിത്ര കുറിപ്പുകൾ എന്നിവ ചേർത്ത്/ ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc.<br><br>* വിവിധ കലാരൂപങ്ങളുടെ demonstration. | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ.

★ സംസ്കൃതദിനാചരണം.

സംസ്കൃത ദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ.

★ സംസ്കൃത അസംബ്ലി.

വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

★ സംസ്കൃത സംഭാഷണ ശിബിരം.

സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

★ പഠനയാത്രകൾ സംഘടിപ്പിക്കൽ

സംസ്കൃത കൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

★ വിവിധ മത്സരങ്ങൾ.

കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

★ മികച്ച വിദ്യാർത്ഥികൾക്ക് മത്സരപരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം.

സംസ്കൃത സ്കോളർഷിപ്പ് പരീക്ഷ, യു. എസ്. എസ്. പരീക്ഷ എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

★ ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ.

# Academic Master Plan - Mathematics
## 2025 - 26

## Vision

ആലോചനാ ശേഷിയുള്ള, പ്രശ്നപരിഹാര ശേഷിയുള്ള ഒരു തലമുറയെ ഗണിതശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക

## Mission

* എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും, പങ്കാളിത്വം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക

* പഠനം ആസ്വാദ്യകരവും പ്രായോഗികവുമാക്കാൻ അക്കാദമിക്, നോൺ അക്കാദമിക് പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.

* ഗണിതശാസ്ത്രത്തോടുള്ള അഭിരുചി വർദ്ധിപ്പിക്കാൻ ദിനാചരണങ്ങൾ, മത്സരങ്ങൾ, മേളകൾ, വർക്ക്ഷോപ്പ് എന്നിവ സംഘടിപ്പിക്കുക.

* ഗണിതശാസ്ത്രം ആസ്വാദ്യകരമാക്കാൻ സാങ്കേതിക വിദ്യയുടെ സഹായം സ്വീകരിക്കുക.

| Month | Academic Focus VIII | IX | X | Non Academic Activities |
|---|---|---|---|---|
| June | * ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും<br>* വർഗ്ഗങ്ങൾ, തുല്യത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ്, പരിഹാര ബോധനം | * ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും<br>* സമവാക്യജോടികൾ,<br>* ബ്രിഡ്ജ് ദശാംശരൂപങ്ങൾ<br>* പുതിയ സംഖ്യകൾ & ക്ലാസ് ടെസ്റ്റ്, പരിഹാര ബോധനവും | ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും<br>സമാന്തര ശ്രേണികൾ, വൃത്തങ്ങൾ കോണുകൾ, ക്ലാസ് ടെസ്റ്റ്, പരിഹാര ബോധനം | * June 19 pascal day ദിനാചരണം<br>* ക്ലബ് ഉദ്ഘാടനം |
| July | തുല്യത്രികോണങ്ങൾ, വർഗസമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | പുതിയ സംഖ്യകൾ ബ്രിഡ്ജ് - ത്രികോണപരപ്പ് സമാന്തരവരകൾ ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വൃത്തങ്ങളും കോണുകളും, സമാന്തരശ്രേണിയും ബീജഗണിതവും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | * Pi Approximation day<br>* Maths Bulletin board |
| August | ബഹുപദങ്ങൾ, സമവാക്യപരിഹാരം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | ഭിന്നന സമവാക്യങ്ങൾ, അഭിന്നക ഭിന്നനം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | രണ്ടാംകൃതി സമവാക്യങ്ങൾ ത്രികോണമിതി, ഒന്നാം പാദവാർഷിക പരീക്ഷ & PTM | * ഗണിതക്വിസ് മത്സരം<br>* ഗണിത മാഗസിൻ<br>* Teach a topic - മത്സരം<br>* Ganita pookalam. |
| September | പുതിയ സംഖ്യകൾ സമഭാജികൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | അഭിന്നക ഭിന്നനം സദൃശത്രികോണങ്ങൾ ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ത്രികോണമിതി, സൂചക സംഖ്യകൾ, class test & പരിഹാര ബോധനം | * School Ganita Mela<br>* GeoGebra പരിശീലനം |

| Month | VIII | IX | X | Non Academic Activities |
| --- | --- | --- | --- | --- |
| October | Vol 2 പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ്, പരിഹാരബോധനം | Budge - വൃത്തങ്ങൾ, വൃത്തങ്ങളുടെ അളവുകൾ, ക്ലാസ് ടെസ്റ്റ്, പരിഹാര ബോധനം | Vol 2 പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ്, പരിഹാര ബോധനം | സബ്ജില്ലാ ഗണിത മേളക്ക് കുട്ടികളെ സജ്ജമാക്കുക<br>Maths puzzle day |
| November | Vol 2 പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ്, പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ്. പരിഹാരബോധനം | Vol 2 പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ്, പരിഹാര ബോധനം | ഗണിതശാസ്ത്രജ്ഞന്മാരെ കണ്ടെത്തൽ '0' യുടെ പ്രാധാന്യം |
| December | Vol 2 പാഠഭാഗങ്ങൾ അർദ്ധ വാർഷിക പരീക്ഷ & PTM | വൃത്ത ഭാഗങ്ങൾ അർദ്ധ വാർഷിക പരീക്ഷ & PTM | Vol 2 പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നു. അർദ്ധ വാർഷിക പരീക്ഷ & PTM | ദേശീയ ഗണിതദിനം (Dec 22) |
| January | Vol 2 പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദ ചിത്രങ്ങൾ, അനുപാതം, ക്ലാസ് ടെസ്റ്റ്, പരിഹാര ബോധനം | പ്രത്യേക module തയ്യാറാക്കി പഠനം | * പോസ്റ്റർ നിർമ്മാണം |
| February | Vol 2 പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | അനുപാതം, സ്ഥിതി വിവരകണക്ക്, ക്ലാസ് ടെസ്റ്റ്, പരിഹാര ബോധനം | റിവിഷൻ, Model exam | Pi - ചരിത്രം പ്രാധാന്യവും |
| | Annual exam | Annual exam | Annual exam | |

# ACADEMIC MASTER PLAN

# ENGLISH

## 2025 - 2026

| DATE/MONTH | GOALS | PROGRAMME | BRIEF DESCRIPTION | DURATION | RESPONSIBILITY | FUNDS |
|---|---|---|---|---|---|---|
| All Months | • Improved Public Speaking<br>• Confidence building | English Assembly | Weekly assembly conducted entirely in English | | English club<br>PTA<br>HM | - |
| Weekly | • Encourage journalistic expression & digital story telling<br>• Global Perspective<br>• News clubs | • Weekly English News channel | School News weekly channel - "SMHS vibes" led by students - planning, script writing, reporting, editing and anchoring. | | English teachers<br>PTA<br>HM | 5000 |
| JUNE to FEBRUARY | • Conversation practice<br>• Language exchange<br>• Speak regularly. | Spoken English Class | Systematic oral-skills sessions. | | English teachers<br>HM<br>PTA | - |
| JUNE | • Improved reading skills<br>• Quiet study space | English Library Renovation | Upgrade and recognize the library's English section. | | English teachers<br>HM<br>PTA | 2000 |
| JUNE | • Enhance language learning presentations | English corner & Story time | Daily drop-in space for reading aloud and story telling | | English club<br>HM<br>PTA | - |
| JULY | • Learn New concepts<br>• Stress relief | English Cartoon Screenings | • Regular showing of age-appropriate English cartoons | | English club<br>PTA<br>HM | - |

| DATE | GOAL | PROGRAMME | BRIEF DESCRIPTION | DURATION | RESPONSIBILITY | FUND |
|---|---|---|---|---|---|---|
| AUGUST | * Understanding Public Speaking<br>* Applying persuasive techniques | Public speaking and Simple Games | Quick, fun activities to lower speaking anxiety. | | English teachers<br>PTA<br>HM | – |
| JUNE TO FEBRUARY | * Stay informed<br>* Improve vocabu-lary | English Newspaper reading & Vocabulary builder | Daily headline reading and word-bank exercises | | English club<br>PTA<br>HM | 1000 |
| SEPTEMBER | * Reflect on experiences<br>* Express creativity | Bulletin writing & "My Diary" | Students draft short news items and reflective diary entries | | English teachers<br>PTA<br>HM | 1000 |
| SEPTEMBER OCTOBER | * knowledge expansion<br>* Critical thinking | Assembly News Reading & News-reading contests | Rotating student readers inter-class competitions | | English club<br>PTA<br>HM | – |
| JULY to FEBRUARY | * Entertainment, Educative, Social Commentry. | Skit & Puppet Show (English Lab) | Extract scenes from textbook units and perform them as skits, puppet shows or story-telling. | conduct a workshop | English teachers<br>PTA<br>HM | 3000 |

| DATE | GOALS | PROGRAMME | BRIEF DESCRIPTION | DURATION | RESPONSIBILITY | FUNDS |
|---|---|---|---|---|---|---|
| AUGUST to FEBRUARY | * Mood booster<br>* Learning opportunities | Cinema & Documentary - profile and Script | Screen Select Scenes from English films; analyse profile and Script writing. | | English club<br>HM<br>PTA | – |
| JUNE to MARCH | * Skill development<br>* Self expression | Role Play & English Day | Role-play exercises and an annual English Day celebration with Seminars and discussions | | English teachers<br>PTA<br>HM | 10000 |
| JUNE to MARCH | * physical Exercise<br>* rich in Vocabulary | Poetry choreography | choose poems by famous English poets and Present them through choreographed performances at club level. | | English club<br>PTA<br>HM | – |
| JULY | * Lack of Stage fear<br>* Improve Speaking Skills | School English voice | Campus podcast/radio Slot for student anchors. | | English club<br>PTA<br>HM | 2000 |
| JUNE to FEBRUARY | * Word exercise<br>* Learn new words | Alphabet, Word & Sentence cards | Set of cards for vocabulary and Sentence building drills. | | English teachers<br>HM, PTA | 500 |
| JUNE to FEBRUARY | * Creativity<br>* Thought process | Picture Reading & Short Story creation | Visual Prompts for guided picture reading and creative writing. | | English club<br>HM, PTA | – |

| DATE | GOAL | PROGRAMME | BRIEF DESCRIPTION | DURATION | RESPONSIBILITY | FUNDS |
|---|---|---|---|---|---|---|
| JUNE | *Analyze Poetic Structure<br>* Interprets Poetic meaning | Poetry appreciation, listening & composition | Poetry writing and recitation contests', production of appreciation notes. | | English club<br>PTA<br>HM | – |
| JUNE to FEBRUARY | *Improve language Skills | Leverage technology for language growth | Audio.book hub, language apps, interactive white-boards, online quizes | | English club<br>PTA<br>HM | 5000 |
| DECEMBER to FEBRUARY | *Share resources | Conduct dialogue forums | Book reviews; magazine display of Students writings; interviews and live video conferences with renowned authors, Critics and other personalities. | | English teachers<br>PTA<br>HM | 5000 |
| MARCH | *Individual attention<br>*participation of all students making lack of stage fear | English Fest | Presentation of all Students Show casing their abilities | | English club<br>HM<br>PTA | 10,000 |

# അക്കാദമിക മാസ്റ്റർ പ്ലാൻ

ഗണിതം

സമ്പാന.ഹ.ഠ.ഒ Sabae

രോഷിത മാധവ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകല |
|---|---|---|---|---|
| അടിസ്ഥാനഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | **ഗണിതശിൽപശാല**<br>കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിന് ഈ പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർകാർഡ്, മഞ്ചാടി കുരു, മുത്തുകൾ, ഫ്ലാഷ്കാർഡ് ഉപയോഗിക്കുന്നു. | ജൂൺമാസം | ഗണിതാധ്യാപകൻ. | |
| | **ഒറിഗാമി ശിൽപശാല** | | | |
| രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷിയും വികാസവും. | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനായുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തുന്നു പ്രദർശന സംഘടിപ്പിക്കൽ | വർഷത്തിൽ ആദ്യപാദം | ഗണിതാധ്യാപകൻ. | |
| ഗണിത പഠനപ്രവർത്തന സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | അധ്യയന വർഷം. | ഗണിതാധ്യാപകരും ഗണിത ക്ലബിലെ അംഗങ്ങളും. | |

| | | | | |
|---|---|---|---|---|
| ഗണിതം മധുരമാക്കൽ | ഗണിത പാർക്ക്. ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ആദ്യപാദം | ഗണിതക്ലബ്ബ് | ഗണിതക്ലബ്ബ് P.T.A. |
| ഗണിതാഭിരുചിയിൽ കുട്ടികളുടെ താൽപര്യം വർധിപ്പിക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ വർക്ക്ഷോപ്പിലും(?) പ്രവർത്തിക്കുന്നവർ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യം ഉണ്ടാക്കുന്നതിനിടയിൽ മുന്നൊരുക്ക(?) കാര്യം ചെയ്യുന്നു. ഐ.ടി. സാധ്യതകളിലൂടെ. | വർഷത്തിൽ 5ഓ 6ഓ തവണ | ഗണിതാധ്യാപകർ class leaders | P.T.A. |
| ആധുനികമായ സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ IT സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ ശ്രമത്തിൽ കഴിയുന്നു. | മാസത്തിൽ 1 തവണ | ഗണിതാധ്യാപകർ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നിരയിലെത്തിക്കുന്നു. | ഗണിതക്ലിനിക്ക്. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിതാധ്യാപകരും മുന്നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ 1 പിരീഡ് | ഗണിതാധ്യാപകരും സമർത്ഥരായ കുട്ടികളും. | |

| | | | | |
|---|---|---|---|---|
| വിവിധശേഷികളുടെ വികസനം | ദിനാചരണം.<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസത്തിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഹൈസ്കൂൾ - മലയാളം

| | | | | |
|---|---|---|---|---|
| | 4. വായനോത്സവം സംഘടിപ്പിക്കൽ.<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം.<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം.<br>10. ദിനാചരണം.<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ. വായന | 6 മാസം | പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ<br>അധ്യാപകർ |
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച | | | |

| | | | | |
|---|---|---|---|---|
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | 3. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ.<br>4. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ.<br>5. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ.<br>6. വ്യക്തിരചന, സംഘരചന.<br>7. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം.<br>8. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി. | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ<br>ഫോട്ടോകൾ | പി.ടി.എ<br>അധ്യാപകൻ |
| സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക.<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദി സജ്ജമാക്കുക | 6 മാസം | ഓഡിയോ, വീഡിയോ | ട്രെയിനർ<br>അധ്യാപകൻ |